പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3905

15.03.2017 ൽ
മറുപടിയ്ക്ക്

## കേരളോത്സവം

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | യുവജനക്ഷേമ വകുപ്പിനു കീഴിൽ നടന്നുവരുന്ന കേരളോത്സവം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ), (ബി) & (സി) | കേരളോത്സവം സംബന്ധിച്ച് കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി, ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന്, 07/02/2017 ൽ കൂടിയ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. |
| (ബി) | കേരളോത്സവം തദ്ദേശഭരണ സ്ഥാപനങ്ങൾസംഘടിപ്പിക്കുന്നതിനാൽ നേരിടുന്ന കുറവുകൾശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | | |
| (സി) | കേരളോത്സവ നടത്തിപ്പിന് കൃത്യമായ കലണ്ടർ പ്രസിദ്ധീകരിച്ച് കാര്യക്ഷമമായ നടത്തിപ്പിന് പ്രത്യേക തീരുമാനം ഉണ്ടാകുമോ ; | | |
| (ഡി) | യൂത്ത് ക്ലബ്ബുകളുടെ സജീവതയില്ലായ്മ പരിഹരിക്കുവാനും വില്ലേജ് തലത്തിൽ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ച് താലൂക്ക്-ജില്ലാ- സംസ്ഥാന സംവിധാനങ്ങൾ കൊണ്ടുവരുവാനും നടപടി ഉണ്ടാകുമോ? | (ഡി) | ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പുതിയ യൂത്ത് ക്ലബ്ബുകളെ കൂടി ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭാ തലത്തിൽ ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ